**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4398** **28-10-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ ആശുപത്രികൾക്ക് സർക്കാർ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | ഏതൊക്കെ സഹകരണ ആശുപത്രികൾക്കാണ് ഈ സാമ്പത്തിക വർഷം ധനസഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | 2021-22 സാമ്പത്തികവർഷം ടെക്നോപാർക്ക് എംപ്ലോയിസ് സഹകരണ ആശുപത്രി ക്ലിപ്തം നമ്പർ റ്റി.2131 ന് 50 ലക്ഷം രൂപയും, പത്തനംതിട്ട ജില്ല സഹകരണ ആശുപത്രി & റിസർച്ച് സെന്റർ ക്ലിപ്തം നമ്പർ പി.റ്റി.223 ന് 62.32 ലക്ഷം രൂപയും, മൂവാറ്റുപുഴ സഹകരണ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ & റിസർച്ച് സെന്റർ ക്ലിപ്തം നമ്പർ ഇ.1018 ന് 75 ലക്ഷം രൂപയും സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | തുക നൽകുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | ആശുപത്രി സഹകരണ സംഘങ്ങൾ സർക്കാർ ധനസഹായത്തിനായി താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ സമർപ്പിയ്ക്കുന്ന അപേക്ഷകൾ പരിശോധിച്ച് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ സമർപ്പിയ്ക്കുകയും ടി അപേക്ഷകൾ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശചെയ്ത് സഹകരണസംഘം രജിസ്ട്രാർ ആഫീസിൽ സമർപ്പിയ്ക്കുകയും ചെയ്യുന്നു. പ്രസ്തുത അപേക്ഷകൾ സർക്കാർ ധനസഹായം അനുവദിയ്ക്കുന്ന റൂളിലെ വ്യവസ്ഥകൾ പാലിയ്ക്കുന്നുണ്ടോയെന്ന് പരിശോധിച്ച് 20 ലക്ഷം രൂപവരെയുള്ള അപേക്ഷകൾ സഹകരണ സംഘം രജിസ്ട്രാർ അനുവദിച്ച് നൽകുകയും, 20 ലക്ഷം രൂപയിൽ അധികരിയ്ക്കുന്ന അപേക്ഷകൾ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിയ്ക്കുകയും വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശ പരിഗണിച്ചു തുക അനുവദിക്കുന്നു. |
| (സി) | മലപ്പുറം ജില്ലാ സഹകരണ ആശുപത്രി സമർപ്പിച്ച സാമ്പത്തിക സഹായത്തിനുള്ള അപേക്ഷയിൽ എന്തു നടപടിയാണ് സ്വീകരിച്ചത്; | (സി) | മലപ്പുറം ജില്ലാ സഹകരണ ആശുപത്രി കോവിഡ് രോഗികളുടെ ചികിത്സയ്ക്കായി വെന്റിലേറ്റർ സംവിധാനത്തോടെയുള്ള ഐ.സി.യു ക്രമീകരിയ്ക്കുന്നതിന് ഒരു കോടി രൂപ സർക്കാർ ധനസഹായം അനുവദിയ്ക്കുന്നതിന് സംഘം പ്രസിഡന്റ് സർക്കാരിൽ സമർപ്പിച്ച നിവേദനം പരിശോധിച്ച് മേൽ നടപടി സ്വീകരിയ്ക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത അപേക്ഷ പരിഗണിച്ച് സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ? | (ഡി) | മലപ്പുറം ജില്ലാ സഹകരണ ആശുപത്രി കോവിഡ് രോഗികളുടെ ചികിത്സയ്ക്കായി വെന്റിലേറ്റർ സംവിധാനത്തോടെയുള്ള ഐ.സി.യു ക്രമീകരിയ്ക്കുന്നതിന് ഒരു കോടി രൂപ സർക്കാർ ധനസഹായം അനുവദിയ്ക്കുന്നതിന് സംഘം പ്രസിഡന്റ് സർക്കാരിൽ സമർപ്പിച്ച നിവേദനം പരിശോധിച്ച് മേൽ നടപടി സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ